# മൺസൂൺ വെഡ്ഡിംഗ്

**രൺജിത് തങ്കപ്പൻ**

വെനീസ് ചലച്ചിത്രമേളയിലെ 'ഗോൾഡൻ ലയൺ' പുരസ്കാരം നേടിയ മീരാ നായരുടെ 'മൺസൂൺ വെഡ്ഡിംഗ്' സമകാലിക ഭാരതത്തിലെ കുടുംബബന്ധങ്ങളുടെ കെട്ടുറപ്പിൽ പതിയിരിക്കുന്ന പുഴുക്കുത്തുകൾ വെളിവാക്കുന്ന സിനിമയാണ്. പാകത വന്ന സംവിധായികയുടെ കയ്യടക്കത്തോടെ മീരാനായർ മാറുന്ന ലോകത്തിലെ പുത്തൻ ഭാരതത്തെ ചിത്രീകരിക്കുന്നു. പക്ഷെ വളരെ ലാഘവബുദ്ധിയോടെ, ഭാംഗ്രനൃത്തത്തിന്റെ ആയാസം പോലുമില്ലാതെ 'അത്ര മതിയോ' എന്ന് ആരും ചോദിച്ചുപോകും വിധമായിപ്പോയി എന്നു മാത്രം.

ഡൽഹിയിലെ നാഗരിക ജാടയ്ക്കിടയിൽ നടക്കുന്ന പഞ്ചാബി വിവാഹമാണ് കഥയുടെ പശ്ചാത്തലം. അകന്നു കഴിയുകയായിരുന്ന ലളിത് ശർമ്മയും ഭാര്യയും മകൾ അദിതിയുടെ വിവാഹത്തോടനുബന്ധിച്ച് ഒത്തുചേരുന്നു. നാലു ദിവസം നീണ്ടുനിൽക്കുന്ന വിവാഹത്തിൽ പങ്കുകൊള്ളാൻ ബന്ധുജനങ്ങളും വന്നെത്തുന്നു. തന്റെ ബോസുമായുള്ള അവിഹിതബന്ധം ഉപേക്ഷിക്കാനാവാത്ത അവസ്ഥയിലാണ് അദിതി. അവിവാഹിതയായി കഴിയുന്ന സഹോദരീതുല്യയായ റിയയ്ക്ക് പറയാനുള്ളത് കുട്ടിക്കാലത്തേറ്റ് ലൈംഗിക പീഢനത്തിന്റെ നീറുന്ന കഥയാണ് എന്റർടെയ്ൻമെന്റ് ഇൻഡസ്ട്രിയുടെ ജീവനാഡിയായ ടെലിവിഷനു മുന്നിൽ മുഴുവൻ സമയവും ചിലവഴിക്കുന്ന അദിതിയുടെ അനിയൻ ചാനൽ നൃത്തച്ചുവടുകളിൽ അടിപതറിയ പുതു തലമുറയുടെ പ്രതിനിധിയാണ്. ബാത്‌റൂമിൽ ഒളിച്ചിരുന്ന് സിഗരറ്റു വലിക്കുന്ന മിസ്സിസ് ശർമ്മ സൊസൈറ്റി ലേഡികളുടെ ഹിപ്പോക്രസിക് ഉദാഹരണമാണ്. ഭൂഖണ്ഡങ്ങൾക്കപ്പുറത്തു നിന്നും വന്ന് കണ്ടുമുട്ടുന്ന യുവമിഥുനങ്ങളുടെ സിനിമാപരുവത്തിലുള്ള പ്രണയം ഒരു വശത്ത്. വേലക്കാരി ആലീസും പന്തൽപണി കോൺട്രാക്ടറായ പി. കെ. ദുബെ (പർദ്വത് ലാൽ കന്നയ്യലാൽ ദുബെ എന്നു മുഴുവൻ പേര്) യും തമ്മിലുള്ള "വിക്ടോറിയൻ പ്രണയം" മറുവശത്ത്. പിന്നെ ഇന്ത്യൻ സംസ്കാരത്തേയും പാശ്ചാത്യ സ്വാധീനത്തേയും പറ്റിയുള്ള ഡൽഹി ഡോട്ട്കോം ചർച്ച ഉണർത്തുന്ന പരിഹാസം. ഇങ്ങനെ നടുങ്ങാനും ചിന്തിക്കാനും നെടുവീർപ്പിടാനുമൊക്കെയായി ഒത്തിരി

## സിനിമ

ഉണ്ടെന്നിരിക്കെ, 'ഹം ആപ് കെ ഹൈ കോൻ' മട്ടിൽ ശുഭാന്ത്യം കുറിക്കുന്ന 'മൺസൂൺ വെഡ്ഡിംഗ്' ഒരു ഗോസിപ്പുകോളം വായിച്ചാസ്വദിക്കുന്ന ലാഘവത്തോടെ കണ്ടു തീർക്കാവുന്ന ചിത്രമായിപ്പോയി.

എന്റർടെയ്ൻമെന്റ് ഇൻഡസ്ട്രി ചിന്തയ്ക്ക് വലിയ പ്രാധാന്യമൊന്നും കൽപ്പിക്കുന്നില്ല. വരിക, കാണുക, ആസ്വദിക്കുക, മറക്കുക എന്നതിലൊതുങ്ങുന്നു അവരുടെ മുദ്രാവാക്യം. "എല്ലാം മറക്കാൻ വേണ്ടി സിനിമ കാണുന്നു" എന്ന് പ്രേക്ഷകനെക്കൊണ്ടു പറയിപ്പിക്കാൻ അവർക്കാവുന്നു. കച്ചവടം പൊടിപൊടിക്കുമ്പോൾ ചിന്ത തണുത്തു മരവിയ്ക്കുന്നു. ചിന്തിക്കാത്ത ഒരു ജനതയ്ക്ക് പ്രിയം ഗോസിപ്പുകളായിരിക്കാം. പാപ്പരാസികളുടെ ഒളിഞ്ഞുനോട്ടങ്ങൾക്കും, ഗോസിപ്പുകോളങ്ങൾക്കും ലോകമാർക്കറ്റിൽ ചെലവേറിയതും മറ്റൊന്നും കൊണ്ടല്ല. മീരാ നായരുടെ 'മൺസൂൺ വെഡ്ഡിംഗ്' ഉദയം കൊള്ളുന്ന പശ്ചാത്തലവും ഇതാണ്. അതുകൊണ്ടുതന്നെ ആഴത്തിലൊരു ചർച്ചയ്ക്കിടം നൽകാതെ ഉപരിതലസ്പർശിയായിപ്പോകുന്നു സിനിമ.

പിഡോഫീലിയ (കുട്ടികളോടുള്ള ലൈംഗികാഭിനിവേശം) ഇന്ത്യൻ സിനിമയിൽ ഒരിക്കലും കടന്നുവരാത്ത വിഷയമാണ്. സമൂഹത്തിൽ അത് പ്രകടമാണു താനും. മീരാനായർ പശ്ചാത്തലമാക്കുന്ന ആഗോളവത്ക്കരണയുഗത്തിലെ ഭാരതത്തിലും ബാലികാബാലകൻമാർ സെക്സ് ടൂറിസത്തിലേക്കും മറ്റും ആനയിക്കപ്പെടുന്നു. എന്നിട്ടും സിനിമയിൽ ഒരൊഴുക്കൻ മട്ടിൽ അതു പറഞ്ഞു പോകുന്നതേയുള്ളൂ. ആലീസിന്റേയും ദുബെയുടെയും പ്രണയം ചിത്രീകരിക്കുന്നതിൽ കാണിച്ച അതിഭാവുകത്വത്തിന്റെ ഒരംശം മതിയായിരുന്നു റിയയുടെ പീഢാനുഭവം ഉള്ളിൽ തട്ടുംവിധം ആവിഷ്കരിക്കാൻ. ഒരു പക്ഷെ മീരാനായർ ആരെയും ഞെട്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടാവില്ല. മറ്റൊരു എൻ. ആർ. ഐ. സംവിധായികയായ ദീപാ മേഹ്തയുടെ അനുഭവം മുൻപിലുണ്ടല്ലോ.

ഈ സിനിമയുടെ പ്ലസ് പോയന്റ്സ് എന്തൊക്കെയാണ്? കഥ പറയുന്നതിൽ സംവിധായിക പ്രകടിപ്പിക്കുന്ന ലാളിത്യം, ഒതുക്കം, ലളിതായി നസറുദ്ദീൻ ഷായും ദുബെയായി വിജയ്‌റസും നടത്തുന്ന തകർപ്പൻ അഭിനയം. സിനിമയുടെ പതിഞ്ഞ താളത്തിന് അനുസൃതമായുള്ള അലിസൻ സി. ജോൺസന്റെ എഡിറ്റിംഗ്. പല തലങ്ങളെ നന്നായി കോർത്തിണക്കുന്ന തിരക്കഥ. ആകെക്കൂടി കണ്ടിരിക്കാവുന്ന പരുവത്തിലൊരു പടം. പക്ഷെ അത്ര മതിയോ എന്ന ചോദ്യം അവശേഷിക്കുന്നു. വെനീസ് ചലച്ചിത്രമേളയിൽ പുരസ്കൃതയായപ്പോൾ 'ഗോൾഡൻ ലയണസ്' എന്ന് പത്രലോകം മീരാനായരെ വിശേഷിപ്പിക്കുകയുണ്ടായി. മീരാനായരുടെ "സിംഹി ഗർജ്ജനം" പക്ഷെ, മൺസൂണിൽ നനഞ്ഞു കുതിർന്ന പടക്കം പോലെ ഏശാതെ പോയി.